# ഹല്ലോ

## കൽപ്പറ്റ നാരായണൻ

ഡോ.എറിക്സൺ, പ്രഭാത സവാരിക്കിടയിൽ ആരെക്കണ്ടാലും കുതിരയെ നിർത്തി, ഹല്ലോ എന്ന ഭിവാദ്യം ചെയ്ത് ഹൃദ്യമായൊന്നു പുഞ്ചിരിച്ചാണു കടന്നുപോവുക. ആ ഹല്ലോവിലൂടെ കടന്നുപോവുമ്പോൾ ഹൃദയംഗമമായ ഏതോ രൂപാന്തരം ആളുകളിൽ സംഭവിച്ചു. കുട്ടികൾ ദൂരെനിന്നേ അയാൾ വരുന്നതു കണ്ട് ചിലതെല്ലാം തട്ടിമറിച്ചു ധൃതിയിൽ വഴിയിലിറങ്ങി നിന്നു. ഒരു വിധവ അയാൾ കടന്നുപോവുന്നതുവരെ ദിവസവും വരാന്തയിൽ നിന്നു. ഒരു ഭ്രാന്തൻ അയാൾ കടന്നുപോയാലും വളരെ നേരം ഹല്ലോ ഹല്ലോ എന്ന് പറഞ്ഞുകൊണ്ട് നിന്നു. അപൂർവ്വമായിട്ടേ ഡോക്ടർ പ്രഭാതസവാരി മുടക്കിയിട്ടുള്ളൂ. അന്ന് ചിലർക്കൊക്കെ പ്രധാനമായ ഒന്നു നഷ്ടപ്പെട്ടു. ഇടയ്ക്കുള്ള ഒരുപാട് നഷ്ടപ്പെട്ടു. ജീവിതത്തിന്റെ ഒഴുക്ക് സ്വാഭാവികമാകാൻ നേരമെടുത്തു. പ്രാതലിനു രുചി കുറഞ്ഞു. നടത്തത്തിന് വേഗം കുറഞ്ഞു. കലക്കവെള്ളം തെളിയാൻ വൈകി.

അന്ന് വഴിയിൽ അയാൾക്കെതിരെ തല താഴ്ത്തി നടന്നു വന്നത് തലേന്ന് ആശുപത്രി വിട്ട ഒരർബ്ബുദരോഗിയായിരുന്നു. ആശുപത്രിയിൽ ഇനിയൊന്നും ചെയ്യാനുണ്ടായിരുന്നില്ല. ഏറിയാൽ രണ്ടോ നാലോ നാളുകൾ. അതിലാരോഗി എന്തോ കുറ്റബോധം അനുഭവിച്ചു. ഡോക്ടർക്കു തന്റെ പതിവു ഹല്ലോ അയാളോടു പറയാനായില്ല. മനുഷ്യരൊക്കെ അബോധത്തിൽ അനശ്വരനാണ്. എല്ലാ മരണങ്ങളും യാദൃശ്ചികമാണ്. നടന്നുവരുന്നവർ മരണത്തിലേക്കല്ല നടന്നുവരുന്നത്. അന്നുവരെ അനശ്വരരോടു മാത്രമാണ് അയാൾ ഹല്ലോ പറഞ്ഞത്. മരണത്തിലേക്കു നടന്നുപോവുന്ന ഈ രോഗിയോട്, നഗ്നനായ ഈ നശ്വരനോട് എങ്ങനെ ഹല്ലോ പറയും? വേദനകളോട് എങ്ങനെ കുശലം പറയും?

അയാൾ പകൽ മുഴുവൻ, ഉറക്കം വരാതെ രാത്രി മുഴുവൻ ആലോചിച്ചു. നാളെ അയാളെക്കണ്ടാൽ ഇന്നത്തേതുപോലെ നിശ്ശബ്ദനായി കടന്നുപോകരുത്. പക്ഷേ എങ്ങനെ? രോഗിയെ ശുശ്രൂഷിക്കാൻ നിന്ന പ്രസരിപ്പുള്ള ഒരു പെൺകുട്ടി ഒരു ജലദോഷം വളർന്നു മരിച്ചത് അയാളോർത്തു. രോഗിക്ക് അവളുടെ മരണകർമ്മത്തിൽ പങ്കെടുക്കാൻ രണ്ടുദിവസം ആശുപത്രിയിൽനിന്ന് വിട്ടുനിൽക്കേണ്ടിവന്നു. നിങ്ങൾക്ക് ഏറിയാൽ ഇനി രണ്ടുദിവസം എന്നു പ്രവചിച്ച ഡോക്ടറുടെ മരണാടിയന്തിരത്തിൽ സന്തോഷപൂർവ്വം പങ്കെടുത്ത രോഗിയെ അയാൾക്കറിയാം. ഇനി നിങ്ങൾക്കു രണ്ടോ മൂന്നോ ദിവസമേയുള്ളൂ, എന്താഗ്രഹമുണ്ടെങ്കിലും പറയുക എന്ന് കേട്ട ഒരു രോഗി മറ്റൊരു ഡോക്ടറെ കാണാനാണാഗ്രഹം എന്നു പറഞ്ഞതും അതേ അഭിപ്രായം കേട്ട മറ്റൊരു രോഗി രണ്ടുദിവസത്തേക്ക് ഞാൻ മരിക്കില്ല എന്ന് ഡോക്ടർക്കുറപ്പുണ്ടോ, എങ്കിൽ ഭൂമിയിൽ ആ ഉറപ്പ് ആദ്യമായി കിട്ടിയ തന്നോളം ഭാഗ്യമാർക്കുണ്ട് എന്നു പറഞ്ഞതായുള്ള കഥകളോർത്ത് എല്ലാ കഥകളും വളരെ നീണ്ടാൽ മരണത്തിൽ അവസാനിക്കുന്നുവെന്നു മാത്രമല്ല, മരണത്തിനുശേഷമാണ് എല്ലാ കഥകളും ആരംഭിക്കുന്നതെന്നും അയാളോർത്തു. എല്ലാവർക്കും വാർദ്ധക്യത്തിൽ, ഒരു നിശ്ചിതഘട്ടത്തിൽ, വരുന്ന സ്വാഭാവികമായ ഒരു പരിണാമമാണു മരണമെങ്കിൽ കുട്ടികൾ, യുവാക്കൾ, കാമുകീകാമുകർ എത്ര കുറച്ചേ സ്നേഹിക്കപ്പെടുമായിരുന്നുള്ളൂ. മരണത്തിന്റെ വ്യവസ്ഥയില്ലാതെ വിതരണം എല്ലാറ്റിനേയും ആകർഷകമാക്കി. എപ്പോഴും നഷ്ടപ്പെടാം എന്നതിനാൽ എന്തും ഈടുള്ളതായി. സ്കൂളിൽനിന്നു വരാൻ വൈകിയാൽ മകളെ നോക്കി ഒരമ്മയും ഇങ്ങനെ പരിഭ്രമിക്കുമായിരുന്നില്ല ഇല്ലെങ്കിൽ വിയോഗങ്ങൾ ഇത്ര ദുസ്സഹമാകുമായിരുന്നില്ല. നഷ്ടപ്പെടാനുള്ള സാദ്ധ്യതയാണ് അമൂല്യത. വേവലാതി പൂണ്ട സ്നേഹത്തിൻരെ ആകർഷകത്വത്തിൽ എപ്പോഴും കടന്നു വരാവുന്ന മരണമാണുള്ളത്. നോക്കൂ, ഈ ഇളം കൈവിരലുകൾ, ഈ നെറ്റിത്തടം, കാറ്റിൽപാറുന്ന ഈ മുടി, ചിരിക്കുമ്പോൾ അറിയാതെ വരുന്ന ഈ നുണക്കുഴി ഒക്കെ ഹൃദ്യമായിത്തീരുന്നതു മറഞ്ഞു നിൽക്കുന്ന മരണത്താലാണ്. മരണത്തിന്റെ വിതരണത്തിലുള്ള അസമത്വത്തിൽ നമുക്കെളുപ്പം ഉൾക്കൊള്ളാനാവാത്ത ഉദ്ദേശ്യശുദ്ധിയുമുണ്ട്.

തൊട്ടടുത്ത ദിവസം അതേ സ്ഥലത്തുവെച്ച് അയാൾ ആ ആസന്നമരണനെ കണ്ടു. ഡോക്ടർ കുതിരയെ നിർത്തി ഹല്ലോ എന്നു പറഞ്ഞു ഹൃദ്യമായൊന്നു പുഞ്ചിരിച്ചു കടന്നുപോയി. തന്റെ കുറ്റബോധത്തെ കുതിരപ്പുറത്തു പോയ ആ ഡോക്ടർ കൊണ്ടുപോയതായി ആ രോഗിക്ക് തോന്നി. അന്നയാൾ മാസങ്ങൾക്കുശേഷം വീണ്ടും ദിനപത്രം വായിച്ചു. ചൂടു നഷ്ടപ്പെടുന്നതിനു മുമ്പ് ചായ കുടിച്ചുതീർത്തു. അടുത്ത ദിവസം അയാൾ മരിച്ചുവെങ്കിലും അന്ന് മരണത്തലേന്നു മാത്രമായിരുന്നില്ല.

ചില പുസ്തകങ്ങളിൽ ഈ ഹല്ലോ ഉണ്ട്. ആരോഗ്യനികേതനിൽ, മാജികമൌണ്ടനിൽ, ടോൾസ്റ്റോയിയുടെ രചനകളിൽ, ഹെസ്സേയുടെ സിദ്ധാർത്ഥയിൽ. ആ ഹല്ലോയുടെ ഒരു തുള്ളി ആറ്റൂർ രവിവർമ്മയുടെ കവിതകളിലുണ്ട്. അത് നിങ്ങളിലെ അനശ്വരനോടു മാത്രമല്ല ഹല്ലോ പറയുന്നത്. നിങ്ങളിലെ നശ്വരനോടുമാണ്. വേദനകളോടുമാണ്. ചിലതൊഴിവാക്കി ചിലതിനോടല്ല, സകലതിനോടും.

• • • • • • • • • • • • •